LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം

172 (2805) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും മിനിമം വേതനം നിശ്ചയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. ടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത തീരുമാനം ആവശ്യമാണ്. ഇവർക്ക് നിലവിൽ അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമ നിധിയുടെ ഭാഗമായി പെൻഷൻ അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതും ഇവർക്ക് മിനിമം വേതനം അനുവദിക്കുന്ന കാര്യവും നിലവിൽ സർക്കാർ പരിഗണനയിലില്ല.

അംഗൻവാടി പ്രവർത്തകരുടെ ജോലിഭാരം

173 (2806) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം അംഗൻവാടി പ്രവർത്തകരെ ഉപയോഗിച്ച് നടത്തുന്ന വാർഷിക സർവ്വേയ്ക്കു പുറമേ അംഗപരിമിതരുടെ സർവ്വേ കൂടി നടത്തുന്നത് അവരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പ്രവൃത്തികളിൽ നിന്നും അംഗൻവാടി പ്രവർത്തകരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?